നം. ഇ4- 39821/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി – 14/12/2017
Email - swdkerala@gmail.com
Phone - 0471 - 2306040

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം

ശ്രീമതി. ധന്യ. ആർ
മാമ്പോട്ടുകാലം ഹൗസ്
ആലത്തൂർ പി.ഒ, പാലക്കാട് 678541

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് – വിവരാവകാശം – മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന :- 1. താങ്കളുടെ 13/11/2017 ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.
2. വികലാംഗ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ 29/11/2017 ലെ 2075/എസ് 1/17/എസ്.സി.പി.ഡബ്ല്യു.ഡി നമ്പർ കത്ത്.

സൂചന (1) പ്രകാരം ഈ വകുപ്പിന് കീഴിൽ CA ഗ്രേഡ് II തസ്തികയുടെ വിവരങ്ങൾ നൽകുന്നതിനായി താങ്കൾ സമർപ്പിച്ച വിവരാവകാശത്തിന്റെ പകർപ്പ് സൂചന (2) പ്രകാരം താങ്കൾക്ക് നേരിട്ട് മറുപടി നൽകുന്നതിനായി ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ട് വിവരങ്ങൾ ക്രമമായി ചുവടെ ചേർക്കുന്നു.

1. ഈ വകുപ്പിന് കീഴിൽ സാമൂഹ്യനീതി ഡയറക്ടറേറ്റ് ആസ്ഥാന ഓഫീസിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ 2 അനുവദനീയ തസ്തികകളും വനിതാ ശിശു വികസന വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ 2 . അനുവദനീയ തസ്തികകളുമാണുള്ളത്. ആകെ 4 തസ്തികകൾ. CA തസ്തികയുടെ ജില്ലാ തല തസ്തികകൾ ഈ വകുപ്പിന് കീഴിൽ ഇല്ല.
2. സാമൂഹ്യനീതി വകുപ്പിലും വനിതാ ശിശു വികസന വകുപ്പിലുമായി കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ 2 ജീവനക്കാർ

Dh/-

സേവനമനുഷ്ഠിക്കുന്നുണ്ട്. ടി ജീവനക്കാർ ആസ്ഥാന ഓഫീസുകളിലായി സേവനമനുഷ്ഠിക്കുന്നു. ജില്ലാ തല തസ്തികകൾ നിലവിലില്ല.

3. ഈ വകുപ്പിന് കീഴിൽ CA തസ്തികയിൽ നിലവിൽ 2 ഒഴിവുകൾ ഉണ്ട്. ടി ഒഴിവുകളിൽ ഒന്ന് സാമൂഹ്യനീതി ഡയറക്ടറുടെ 12/06/2017 ലെ E4-17262/17 നമ്പർ കത്ത് പ്രകാരം PSC ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരൊഴിവ് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.
4. ഈ വകുപ്പിന് കീഴിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ ജില്ലാതല തസ്തികകൾ ഇല്ല (പാലക്കാട് ജില്ല ഉൾപ്പെടെ).
5. തസ്തിക അനുവദിക്കപ്പെട്ടിട്ടില്ല.
6. ഈ വകുപ്പിന് കീഴിൽ 2016-2021 കാലയളവിൽ CA തസ്തികയിൽ നിന്ന് വിരമിക്കുന്ന ജീവനക്കാർ ഇല്ല.
7. ബാധകമല്ല.
8. ഈ വകുപ്പിന് കീഴിൽ ആസ്ഥാന ഓഫീസിലെ CA തസ്തികകളിൽ നിന്നും ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന ജീവനക്കാർ ഇല്ല.

മേൽ പറഞ്ഞ മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ മറുപടി ലഭിച്ച് 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയായ ശ്രീമതി. കെ. ഗീത, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ

S. രാജീവ് കുമാർ
സീനിയർ സൂപ്രണ്ട് & സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്

Dh/-